## ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു

ദൂത് ഒന്ന്

### നല്ലദേശത്തിനുവേണ്ടി യുദ്ധം ചെയ്യുക

RK *Hymns:* ML404, ML269

തിരുവെഴുത്ത് വായന: യോശു. 1:2-6, 13; എഫെ. 2:2; 6:12; കൊലൊ. 1:12-13

Josh. 1:2 എന്റെ ദാസനായ മോശെ മരിച്ചു; ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ടു യോർദ്ദാന്നക്കരെ ഞാൻ യിസ്രായേൽമക്കൾക്കു കൊടുക്കുന്ന ദേശത്തേക്കു കടന്നുപോകുവിൻ.

Josh. 1:3 നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശെയോടു കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു.

Josh. 1:4 മരുഭൂമിയും ഈ ലെബാനോനും തുടങ്ങി ഫ്രാത്ത് എന്ന മഹാനദിവരെയും ഹിത്യരുടെ ദേശം ഒക്കെയും പടിഞ്ഞാറു മഹാസമുദ്രംവരെയും നിങ്ങളുടെ അതിരായിരിക്കും.

Josh. 1:5 നിന്റെ ജീവകാലത്തു ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കയില്ല; ഞാൻ മോശെയോടുകൂടെ ഇരുന്നതു പോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈ വിടുകയില്ല, ഉപേക്ഷിക്കയും ഇല്ല.

Josh. 1:6 ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക; ഞാൻ അവർക്കു കൊടുക്കുമെന്നു അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിന്നു അവകാശമായി വിഭാഗിക്കും.

Josh. 1:13 യഹോവയുടെ ദാസനായ മോശെ നിങ്ങളോടു കല്പിച്ച വചനം ഓർത്തുകൊൾവിൻ; നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു സ്വസ്ഥത നല്കി ഈ ദേശവും തന്നിരിക്കുന്നു.

Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

**I. നാം തിരുവെഴുത്തുകൾ ശ്രദ്ധാപൂർവം വായിക്കുന്നുവെങ്കിൽ, നല്ലദേശത്തിനുവേണ്ടി ഒരു യുദ്ധം ഉണ്ടെന്ന് നാം കാണും—യോശു. 1:2-6, 13:**

Josh. 1:2 എന്റെ ദാസനായ മോശെ മരിച്ചു; ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ടു യോർദ്ദാന്നക്കരെ ഞാൻ യിസ്രായേൽമക്കൾക്കു കൊടുക്കുന്ന ദേശത്തേക്കു കടന്നുപോകുവിൻ.

Josh. 1:3 നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശെയോടു

കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു.

Josh. 1:4 മരുഭൂമിയും ഈ ലെബാനോനും തുടങ്ങി ഫ്രാത്ത് എന്ന മഹാനദിവരെയും ഹിത്യരുടെ ദേശം ഒക്കെയും പടിഞ്ഞാറു മഹാസമുദ്രംവരെയും നിങ്ങളുടെ അതിരായിരിക്കും.

Josh. 1:5 നിന്റെ ജീവകാലത്തു ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കയില്ല; ഞാൻ മോശെയോടുകൂടെ ഇരുന്നതു പോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈ വിടുകയില്ല, ഉപേക്ഷിക്കയും ഇല്ല.

Josh. 1:6 ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക; ഞാൻ അവർക്കു കൊടുക്കുമെന്നു അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിന്നു അവകാശമായി വിഭാഗിക്കും.

Josh. 1:13 യഹോവയുടെ ദാസനായ മോശെ നിങ്ങളോടു കല്പിച്ച വചനം ഓർത്തുകൊൾവിൻ; നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു സ്വസ്ഥത നല്കി ഈ ദേശവും തന്നിരിക്കുന്നു.

A. ദൈവത്തിന്റെ ശത്രുവായ സാത്താൻ നല്ലദേശമായ ക്രിസ്തുവിനെ കൈവശപ്പെടുത്തുന്നതിൽനിന്നും അവനെ ആസ്വദിക്കുന്നതിൽനിന്നും ദൈവജനത്തെ തടസ്സപ്പെടുത്തുവാൻ അവനാലാവോളം ചെയ്തുകൊണ്ടിരിക്കുന്നു—എഫെ. 2:2; 6:12.

Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

B. പഴയനിയമത്തിലെ എല്ലാ യുദ്ധങ്ങളും നല്ലദേശത്തെ സംബന്ധിച്ചായിരുന്നു—യോശു. 1:2-6; 5:11—6:27.

Josh. 1:2 എന്റെ ദാസനായ മോശെ മരിച്ചു; ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ടു യോർദ്ദാന്നക്കരെ ഞാൻ യിസ്രായേൽമക്കൾക്കു കൊടുക്കുന്ന ദേശത്തേക്കു കടന്നുപോകുവിൻ.

Josh. 1:3 നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശെയോടു കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു.

Josh. 1:4 മരുഭൂമിയും ഈ ലെബാനോനും തുടങ്ങി ഫ്രാത്ത് എന്ന മഹാനദിവരെയും ഹിത്യരുടെ ദേശം ഒക്കെയും പടിഞ്ഞാറു മഹാസമുദ്രംവരെയും നിങ്ങളുടെ അതിരായിരിക്കും.

Josh. 1:5 നിന്റെ ജീവകാലത്തു ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കയില്ല; ഞാൻ മോശെയോടുകൂടെ ഇരുന്നതു പോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈ വിടുകയില്ല, ഉപേക്ഷിക്കയും ഇല്ല.

Josh. 1:6 ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക; ഞാൻ അവർക്കു കൊടുക്കുമെന്നു അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിന്നു അവകാശമായി വിഭാഗിക്കും.

Josh. 5:11 പെസഹയുടെ പിറ്റെ ദിവസം തന്നേ അവർ ദേശത്തെ വിളവുകൊണ്ടുള്ള പുളിപ്പില്ലാത്ത അപ്പവും മലരും തിന്നു.

Josh. 5:12 അവർ ദേശത്തെ വിളവു അനുഭവിച്ചതിന്റെ പിറ്റെ ദിവസം മന്ന നിന്നുപോയി; യിസ്രായേൽമക്കൾക്കു പിന്നെ മന്ന കിട്ടിയതുമില്ല; ആയാണ്ടു അവർ കനാൻദേശത്തെ വിളവുകൊണ്ടു ഉപജീവിച്ചു.

Josh. 5:13 യോശുവ യെരീഹോവിന്നു സമീപത്തു ഇരിക്കുമ്പോൾ തല ഉയർത്തി നോക്കി; ഒരു ആൾ കയ്യിൽ വാൾ ഊരിപ്പിടിച്ചുകൊണ്ടു അവന്റെ നേരെ നില്ക്കുന്നതു കണ്ടു; യോശുവ അവന്റെ അടുക്കൽ ചെന്നു അവനോടു: നീ ഞങ്ങളുടെ പക്ഷക്കാരനോ ശത്രുപക്ഷക്കാരനോ എന്നു ചോദിച്ചു.

Josh. 5:14 അതിന്നു അവൻ: അല്ല, ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിയായി ഇപ്പോൾ വന്നിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ യോശുവ സാഷ്ടാംഗം വീണു നമസ്കരിച്ചു അവനോടു: കർത്താവിന്നു അടിയനോടുള്ള കല്പന എന്തു എന്നു ചോദിച്ചു.

Josh. 5:15 യഹോവയുടെ സൈന്യത്തിന്റെ അധിപതി യോശുവയോടു: നിന്റെ കാലിൽനിന്നു ചെരിപ്പു അഴിച്ചുകളക; നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകുന്നു എന്നു പറഞ്ഞു; യോശുവ അങ്ങനെ ചെയ്തു.

Josh. 6:1 എന്നാൽ യെരീഹോവിനെ യിസ്രായേൽമക്കളുടെ നിമിത്തം അടച്ചു ഉറപ്പാക്കിയിരുന്നു; ആരും പുറത്തിറങ്ങിയില്ല, അകത്തു കയറിയതുമില്ല.

Josh. 6:2 യഹോവ യോശുവയോടു കല്പിച്ചതു: ഞാൻ യെരീഹോവിനെയും അതിന്റെ രാജാവിനെയും യുദ്ധവീരന്മാരെയും നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു.

Josh. 6:3 നിങ്ങളിൽ യോദ്ധാക്കളായ എല്ലാവരും ഒരുവട്ടം പട്ടണത്തെ ചുറ്റിനടക്കേണം; ഇങ്ങനെ ആറു ദിവസം ചെയ്യേണം.

Josh. 6:4 ഏഴു പുരോഹിതന്മാർ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു പെട്ടകത്തിന്റെ മുമ്പിൽ നടക്കേണം; ഏഴാം ദിവസം ഏഴു പ്രാവശ്യം പട്ടണത്തെ ചുറ്റുകയും പുരോഹിതന്മാർ കാഹളം ഊതുകയും വേണം.

Josh. 6:5 അവർ ആട്ടിൻകൊമ്പു നീട്ടിയൂതുകയും നിങ്ങൾ കാഹളനാദം കേൾക്കയും ചെയ്യുമ്പോൾ ജനമൊക്കെയും ഉച്ചത്തിൽ ആർപ്പിടേണം; അപ്പോൾ പട്ടണമതിൽ വീഴും; ജനം ഓരോരുത്തൻ നേരെ കയറുകയും വേണം.

Josh. 6:6 നൂന്റെ മകനായ യോശുവ പുരോഹിതന്മാരെ വിളിച്ചു അവരോടു: നിയമപെട്ടകം എടുപ്പിൻ; ഏഴു പുരോഹിതന്മാർ യഹോവയുടെ പെട്ടകത്തിന്നു മുമ്പിൽ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു നടക്കേണം എന്നു പറഞ്ഞു.

Josh. 6:7 ജനത്തോടു അവൻ: നിങ്ങൾ ചെന്നു പട്ടണത്തെ ചുറ്റിനടപ്പിൻ; ആയുധപാണികൾ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ നടക്കേണം എന്നു പറഞ്ഞു.

Josh. 6:8 യോശുവ ജനത്തോടു പറഞ്ഞുതീർന്നപ്പോൾ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു ഏഴു പുരോഹിതന്മാർ യഹോവയുടെ മുമ്പിൽ നടന്നു കാഹളം ഊതി; യഹോവയുടെ നിയമപ്പെട്ടകം അവരുടെ പിന്നാലെ ചെന്നു.

Josh. 6:9 ആയുധപാണികൾ കാഹളം ഊതുന്ന പുരോഹിതന്മാരുടെ മുമ്പിൽ

നടന്നു; ശേഷമുള്ള കൂട്ടം പെട്ടകത്തിന്റെ പിന്നാലെ ചെന്നു; ഇങ്ങനെ അവർ കാഹളം ഊതിക്കൊണ്ടു നടന്നു.

Josh. 6:10 യോശുവ ജനത്തോടു: ആർപ്പിടുവിൻ എന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന നാൾവരെ നിങ്ങൾ ആർപ്പിടരുതു; ഒച്ചകേൾപ്പിക്കരുതു; വായിൽനിന്നു ഒരു വാക്കും പുറപ്പെടുകയും അരുതു; അതിന്റെശേഷം ആർപ്പിടാം എന്നു കല്പിച്ചു.

Josh. 6:11 അങ്ങനെ യഹോവയുടെ പെട്ടകം ഒരു പ്രാവശ്യം പട്ടണത്തെ ചുറ്റിനടന്നു; പിന്നെ അവർ പാളയത്തിലേക്കു വന്നു പാളയത്തിൽ പാർത്തു.

Josh. 6:12 യോശുവ അതികാലത്തേ എഴുന്നേറ്റു; പുരോഹിതന്മാർ യഹോവയുടെ പെട്ടകം എടുത്തു.

Josh. 6:13 ഏഴു പുരോഹിതന്മാർ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചു കാഹളം ഊതിക്കൊണ്ടു നടന്നു; ആയുധപാണികൾ അവരുടെ മുമ്പിൽ നടന്നു; ശേഷമുള്ള കൂട്ടം യഹോവയുടെ പെട്ടകത്തിന്റെ പിന്നാലെ നടന്നു; ഇങ്ങനെ അവർ കാഹളം ഊതിക്കൊണ്ടു നടന്നു.

Josh. 6:14 രണ്ടാം ദിവസവും അവർ പട്ടണത്തെ ഒരു പ്രാവശ്യം ചുറ്റീട്ടു പാളയത്തിലേക്കു മടങ്ങിപ്പോന്നു. ഇങ്ങനെ അവർ ആറു ദിവസം ചെയ്തു;

Josh. 6:15 ഏഴാം ദിവസമോ അവർ അതികാലത്തു അരുണോദയത്തിങ്കൽ എഴുന്നേറ്റു പട്ടണത്തെ ആ വിധത്തിൽ തന്നേ ഏഴുപ്രാവശ്യംചുറ്റി; അന്നുമാത്രം അവർ പട്ടണത്തെ ഏഴു പ്രാവശ്യം ചുറ്റി.

Josh. 6:16 ഏഴാംപ്രാവശ്യം പുരോഹിതന്മാർ കാഹളം ഊതിയപ്പോൾ യോശുവ ജനത്തോടു പറഞ്ഞതെന്തെന്നാൽ: ആർപ്പിടുവിൻ; യഹോവ പട്ടണം നിങ്ങൾക്കു തന്നിരിക്കുന്നു.

Josh. 6:17 ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോവെക്കു ശപഥാർപ്പിതമായിരിക്കുന്നു; എങ്കിലും രാഹാബ് എന്ന വേശ്യ നാം അയച്ച ദൂതന്മാരെ ഒളിപ്പിച്ചതിനാൽ അവളും അവളോടുകൂടെ വീട്ടിലുള്ള എല്ലാവരും ജീവനോടിരിക്കട്ടെ.

Josh. 6:18 എന്നാൽ നിങ്ങൾ ശപഥംചെയ്തിരിക്കെ ശപഥാർപ്പിതത്തിൽ വല്ലതും എടുത്തിട്ടു യിസ്രായേൽപാളയത്തിന്നു ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന്നു ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.

Josh. 6:19 വെള്ളിയും പൊന്നും ഒക്കെയും ചെമ്പും ഇരിമ്പുംകൊണ്ടുള്ള പാത്രങ്ങളും യഹോവെക്കു വിശുദ്ധം; അവ യഹോവയുടെ ഭണ്ഡാരത്തിൽ ചേരേണം.

Josh. 6:20 അനന്തരം ജനം ആർപ്പിടുകയും പുരോഹിതന്മാർ കാഹളം ഊതുകയും ചെയ്തു; ജനം കാഹളനാദംകേട്ടു അത്യുച്ചത്തിൽ ആർപ്പിട്ടപ്പോൾ മതിൽ വീണു; ജനം ഓരോരുത്തൻ നേരെ മുമ്പോട്ടു പട്ടണത്തിലേക്കു കടന്നു പട്ടണം പിടിച്ചു.

Josh. 6:21 പുരുഷൻ, സ്ത്രീ, ബാലൻ, വൃദ്ധൻ, ആടു, മാടു, കഴുത എന്നിങ്ങനെ പട്ടണത്തിലുള്ള സകലത്തെയും അവർ വാളിന്റെ വായ്ത്തലയാൽ അശേഷം സംഹരിച്ചു.

Josh. 6:22 എന്നാൽ രാജ്യത്തെ ഒറ്റുനോക്കിയ രണ്ടു പുരുഷന്മാരോടു യോശുവ:

വേശ്യയുടെ വീട്ടിൽ ചെന്നു അവിടെനിന്നു ആ സ്ത്രീയെയും അവൾക്കുള്ള സകലത്തെയും നിങ്ങൾ അവളോടു സത്യംചെയ്തതുപോലെ പുറത്തുകൊണ്ടുവരുവിൻ എന്നു പറഞ്ഞു.

Josh. 6:23 അങ്ങനെ ഒറ്റുകാരായിരുന്ന യൌവനക്കാർ ചെന്നു രാഹാബിനെയും അവളുടെ അപ്പനെയും അമ്മയെയും സഹോദരന്മാരെയും അവൾക്കുള്ള സകലത്തെയും പുറത്തു കൊണ്ടു വന്നു; അവളുടെ എല്ലാ ചാർച്ചക്കാരെയും പുറത്തു കൊണ്ടുവന്നു യിസ്രായേൽപാളയത്തിന്നു പുറത്തു പാർപ്പിച്ചു.

Josh. 6:24 പിന്നെ അവർ പട്ടണവും അതിലുള്ളതൊക്കെയും തീവെച്ചു ചുട്ടുകളഞ്ഞു; എന്നാൽ വെള്ളിയും പൊന്നും ചെമ്പുകൊണ്ടും ഇരിമ്പുകൊണ്ടുമുള്ള പാത്രങ്ങളും അവർ യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽവെച്ചു.

Josh. 6:25 യെരീഹോവിനെ ഒറ്റുനോക്കുവാൻ അയച്ച ദൂതന്മാരെ രാഹാബ് എന്ന വേശ്യ ഒളിപ്പിച്ചതുകൊണ്ടു യോശുവ അവളെയും അവളുടെ പിതൃഭവനത്തെയും അവൾക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ചു; അവൾ ഇന്നുവരെയും യിസ്രായേലിൽ പാർക്കുന്നു.

Josh. 6:26 അക്കാലത്തു യോശുവ ശപഥം ചെയ്തു: ഈ യെരീഹോപട്ടണത്തെ പണിയുവാൻ തുനിയുന്ന മനുഷ്യൻ യഹോവയുടെ മുമ്പാകെ ശപിക്കപ്പെട്ടവൻ; അവൻ അതിന്റെ അടിസ്ഥാനമിടുമ്പോൾ അവന്റെ മൂത്തമകൻ നഷ്ടമാകും; അതിന്റെ കതകു തൊടുക്കുമ്പോൾ ഇളയമകനും നഷ്ടമാകും എന്നു പറഞ്ഞു.

Josh. 6:27 അങ്ങനെ യഹോവ യോശുവയോടുകൂടെ ഉണ്ടായിരുന്നു; അവന്റെ കീർത്തി ദേശത്തു എല്ലാടവും പരന്നു.

**II. യിസ്രായേല്യർ കനാനിലേക്കു പ്രവേശിക്കുന്നതിന്റെയും കനാനിൽ യുദ്ധം ചെയ്യുന്നതിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നതിന്, കനാന് മുൻകുറിശാസ്ത്രത്തിൽ രണ്ടുവിധത്തിലുള്ള സൂചിതാർഥം ഉണ്ടെന്ന് നാം അറിയേണ്ടതാവശ്യമാണ്—കൊലൊ. 1:12; എഫെ. 1:3; 2:2; 6:12:**

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Eph. 1:3 സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ,

Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

A. അനുലോമവശത്ത്, സമ്പന്നതയുടെ ദേശമായ കനാൻ തന്റെ അപ്രമേയ ധനത്തോടുകൂടെയുള്ള സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ മുൻകുറിക്കുന്നു—ആവ. 8:7-10; കൊലൊ. 1:12; എഫെ. 3:8:

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

1. നല്ലദേശം തിരുവെഴുത്തുകളിൽ കാണപ്പെടുന്ന ക്രിസ്തുവിന്റെ ആത്യന്തിക മുൻകുറിയാണ്—ആവ. 8:7.

   Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

2. കനാൻദേശം എന്ന നല്ലദേശം, എല്ലാവരും എല്ലാവരിലുമായ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്, അവൻ നമുക്ക് സകലവുമാണ്—എഫെ. 3:8.

   Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

3. വേദപുസ്തകത്തിൽ ദേശം ക്രിസ്തുവിന്റെ ഒരു പ്രതിരൂപം, ഒരു പ്രതീകം ആണ്—ഉല്പ. 1:9; 2 പത്രൊ. 3:5:

   Gen. 1:9 ദൈവം: ആകാശത്തിൻ കീഴുള്ള വെള്ളം ഒരു സ്ഥലത്തു കൂടട്ടെ; ഉണങ്ങിയ നിലം കാണട്ടെ എന്നു കല്പിച്ചു; അങ്ങനെ സംഭവിച്ചു.

   2 Pet. 3:5 എന്തെന്നാൽ ദൈവത്തിന്റെ വചനത്താൽ ആകാശം പണ്ടേയുള്ളതെന്നും ഭൂമി വെള്ളത്തിൽ നിന്നും വെള്ളത്തിലൂടെയും കൂടിച്ചേർന്നിരിക്കുന്നു എന്നും,

   a. ഉല്പത്തി 1:9-10-ലും 13-ലും മൂന്നാം ദിവസം മരണജലത്തിൽനിന്നും പുറത്തുവന്ന ഭൂമി മൂന്നാം ദിവസം മരണത്തിൽനിന്നു പുറത്തുവന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്.

      Gen. 1:9 ദൈവം: ആകാശത്തിൻ കീഴുള്ള വെള്ളം ഒരു സ്ഥലത്തു കൂടട്ടെ; ഉണങ്ങിയ നിലം കാണട്ടെ എന്നു കല്പിച്ചു; അങ്ങനെ സംഭവിച്ചു.

      Gen. 1:10 ഉണങ്ങിയ നിലത്തിന്നു ദൈവം ഭൂമി എന്നും വെള്ളത്തിന്റെ കൂട്ടത്തിന്നു സമുദ്രം എന്നും പേരിട്ടു; നല്ലതു എന്നു ദൈവം കണ്ടു.

      Gen. 1:13 സന്ധ്യയായി ഉഷസ്സുമായി, മൂന്നാം ദിവസം.

   b. തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ ഉദ്ദേശ്യം ക്രിസ്തു നമ്മുടെ ദേശമായിരിക്കണം എന്നാണ്—ആവ. 8:7-10.

      Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ

കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

B. പ്രതിലോമവശത്ത്, കനാൻ സാത്താന്റെ ഇരുണ്ട രാജ്യത്തിന്റെ വായുമണ്ഡല ഭാഗത്തെ, സ്വർഗീയ ഭാഗത്തെ, സാത്താന്യ ശക്തികൾ നിറഞ്ഞ സ്വർഗീയങ്ങളെ സൂചിപ്പിക്കുന്നു—എഫെ. 2:2; 6:12.

Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

1. സാത്താന് അവന്റെ അധികാരവും അവന്റെ ദൂതന്മാരും ഉണ്ട്, അവർ വാഴ്ചകളും, അധികാരങ്ങളും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളുമെന്ന നിലയിൽ അവന്റെ ആജ്ഞാനുവർത്തികളാണ്—പ്രവൃ. 26:18; മത്താ. 12:26; 25:41; എഫെ. 6:12; കൊലൊ. 1:13.

Acts. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

Matt. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

Matt. 25:41 അപ്പോൾ അവൻ ഇടതു ഭാഗത്തുള്ളവരോട്, ശപിക്കപ്പെട്ടവരേ, എന്നിൽ നിന്നു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നു പറയും.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ

സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

2. ഈ ദിവസംവരെ, ദുഷ്ടശക്തികൾ ദൈവത്തിന്റെ ജനത്തിൽനിന്നും ക്രിസ്തുവിന്റെ സർവാത്മകതയെ മറച്ചുകൊണ്ടിരിക്കുന്നു—2:8, 18; 2 കൊരി. 4:4.

Col. 2:8 ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല;

Col. 2:18 സ്വയം തിരഞ്ഞെടുത്ത താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും താൻ കണ്ട കാര്യങ്ങളിൽ വസിച്ചുകൊണ്ടും തന്റെ മനസ്സിനെ ജഡത്തിൽ ഉറപ്പിച്ച് വ്യർഥമായി നിഗളിച്ചുകൊണ്ടും ആരും നിങ്ങളുടെ സമ്മാനത്തിന് അയോഗ്യരായി വിധിച്ച് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ,

2 Cor. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

3. സ്വർഗീയങ്ങളിൽ പല തട്ടുകളുണ്ടെന്ന് എഫെസ്യ ലേഖനം സൂചിപ്പിക്കുന്നു—1:3; 2:2; 6:12:

Eph. 1:3 സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ വാഴ്ത്തപ്പെട്ടവൻ,

Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

a. നമ്മുടെ നല്ലദേശമെന്ന നിലയിൽ നമ്മുടെ എല്ലാമായിരിക്കുവാൻ ക്രിസ്തു ഏറ്റവും ഉന്നത തട്ടായ മൂന്നാം സ്വർഗത്തിലാണ്—ആവ. 8:7-10.

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു

സ്തോത്രം ചെയ്യേണം.

b. സ്വർഗീയങ്ങളുടെ ഒരു താഴത്തെ തട്ടുണ്ട്—ആകാശം, അവിടെ ആകാശത്തിന്റെ അധികാരത്തിന്റെ അധിപനായ സാത്താൻ ഭൂമിയിലെ ജനം ദൈവവുമായി ബന്ധപ്പെടുന്നതിൽനിന്നും ക്രിസ്തുവിനെ സ്വീകരിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു; ഇത് നല്ലദേശത്തിലേക്ക് പ്രവേശിക്കുന്നതിൽനിന്നും യിസ്രായേലിനെ തടസ്സപ്പെടുത്തുന്ന കനാന്യരാൽ മുൻകുറിക്കപ്പെടുന്നു—എഫെ. 2:2.

Eph. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

4. കനാന്യർ വീണുപോയ ദൂതന്മാരെ, സാത്താനെ അനുഗമിക്കുന്ന മത്സരികളായ ദൂതന്മാരെ, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകളായ, സാത്താന്റെ രാജ്യത്തിലെ ശക്തികളും, അധിപന്മാരും, അധികാരികളും ആയിത്തീർന്നവരെ മുൻകുറിക്കുന്നു—വെളി. 12:4, 7; എഫെ. 6:12.

Rev. 12:4 അവന്റെ വാൽ സ്വർഗത്തിലെ നക്ഷത്രങ്ങളുടെ മൂന്നാം ഭാഗത്തെ വലിച്ച് അവയെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു. സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ കുഞ്ഞിനെ വിഴുങ്ങേണ്ടതിന് വ്യാളി പ്രസവിക്കാറായ സ്ത്രീയുടെ മുമ്പിൽ നിന്നു.

Rev. 12:7 സ്വർഗത്തിൽ യുദ്ധം ഉണ്ടായി: മീഖായേലും അവന്റെ ദൂതന്മാരും വ്യാളിയോട് യുദ്ധം ചെയ്യുവാൻ പോയി. വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

**III. ദേശത്തെ കൈവശമാക്കിയ വിവിധ ജാതീയ ഗോത്രങ്ങൾ നമ്മുടെ സ്വാഭാവിക ജീവന്റെ വ്യത്യസ്ത വശങ്ങളെ സൂചിപ്പിക്കുന്നു:**

A. ജാതീയ ഗോത്രങ്ങളുടെ ദേവന്മാർ (വിഗ്രഹങ്ങൾ) (പുറ. 23:24), അവയുടെ പിന്നിലുള്ള ഭൂതങ്ങളോടുകൂടെ (പ്ര.നി. 1 കൊരി. 10:20), ദുഷ്ടാത്മസേനയെ പ്രതിനിധീകരിക്കുന്നു (എഫെ. 6:12).

Exo. 23:24 അവരുടെ ദേവന്മാരെ നമസ്കരിക്കരുതു; അവയെ സേവിക്കരുതു; അവരുടെ പ്രവൃത്തികൾപോലെ പ്രവർത്തിക്കരുതു; അവരെ അശേഷം നശിപ്പിച്ചു അവരുടെ വിഗ്രഹങ്ങളെ തകർത്തുകളയേണം.

1 Cor. 10:20 അല്ല, ജാതികൾ യാഗം അർപ്പിക്കുന്ന കാര്യങ്ങൾ, അവർ ദൈവത്തിനല്ല ഭൂതങ്ങൾക്കത്രേ അർപ്പിക്കുന്നത്; നിങ്ങൾ ഭൂതങ്ങളോട് കൂട്ടായ്മ ഉള്ളവരായിത്തീരുവാൻ ഞാൻ ഇച്ഛിക്കുന്നില്ല.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

B. നമ്മുടെ സ്വാഭാവിക ജീവനു പിന്നിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ സ്വന്തമാക്കുകയും അവന്റെ സമ്പന്നത ആസ്വദിക്കുകയും ചെയ്യുന്നതിൽനിന്നും നമ്മെ തടസ്സപ്പെടുത്തുവാൻ നമ്മുടെ സ്വാഭാവിക ജീവന്റെ വശങ്ങളെ വിനിയോഗിക്കുകയും,

സ്വാധീനിക്കുകയും, നിർദേശിക്കുകയും ചെയ്യുന്ന ദുഷ്ടശക്തികളാണ് (പ്ര.നി. മത്താ. 16:23, അടിക്കുറിപ്പ്).

Matt. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

note 1 ക്രൂശെടുക്കുന്നതിൽ നിന്ന് തന്നെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നത് പത്രൊസല്ല, സാത്താനായിരുന്നു എന്ന് ക്രിസ്തു ഗ്രഹിച്ചു. ക്രൂശെടുക്കുവാൻ സന്നദ്ധനല്ലാത്ത നമ്മുടെ സ്വാഭാവിക മനുഷ്യൻ സാത്താനുമായി ഒന്നാണെന്ന് ഇത് വെളിപ്പെടുത്തുന്നു.

C. സ്വാഭാവിക ജീവൻ ക്രിസ്തുവിനെ കൈവശമാക്കുകയും അവനെ ആസ്വദിക്കുകയും ചെയ്യുന്നതിൽനിന്നും നമ്മെ തടസ്സപ്പെടുത്തുന്നതുകൊണ്ട്, നാം അതിനെ വെറുക്കുകയും (ലൂക്കൊ. 14:26), നാം ക്രിസ്തുവിൽ വളരുന്തോറും അതിനെ പുറത്താക്കുവാൻ മനസ്സുള്ളവരായിരിക്കുകയും വേണം.

Luke. 14:26 ആരെങ്കിലും എന്റെ അടുക്കൽ വരുകയും തന്റെ സ്വന്തം അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും അതിലുപരി തന്റെ സ്വന്തം ദേഹിജീവനെയും വെറുക്കുന്നില്ലെങ്കിൽ, എന്റെ ശിഷ്യൻ ആകുവാൻ അവനു കഴിയുകയില്ല.

D. ജാതീയ ഗോത്രങ്ങളാൽ മുൻകുറിക്കപ്പെടുന്ന നമ്മുടെ സ്വാഭാവിക ജീവനെ ദൈവം എന്നേക്കുമൊരിക്കലായി ഛേദിച്ചുകളയുകയില്ല, കാരണം ഇത് ആന്തരികമായി നാം ഒഴിഞ്ഞവരായിരിക്കുവാൻ ഇടയാക്കുകയും, വയലിലെ മൃഗങ്ങളാൽ സൂചിപ്പിക്കപ്പെടുന്ന ഭൂതങ്ങളാൽ എടുക്കപ്പെടുമെന്ന ആപത്തിലാക്കുകയും ചെയ്യും—പുറ. 23:29; പ്ര.നി. മത്താ. 12:43-45:

Exo. 23:29 ദേശം ശൂന്യമാകാതെയും കാട്ടുമൃഗം നിനക്കു ബാധയായി പെരുകാതെയും ഇരിപ്പാൻ ഞാൻ അവരെ ഒരു സംവത്സരത്തിന്നകത്തു നിന്റെ മുമ്പിൽനിന്നു ഓടിച്ചുകളകയില്ല.

Matt. 12:43 അശുദ്ധാത്മാവ് ഒരു മനുഷ്യനിൽനിന്നു പുറത്തേക്കു പോകുമ്പോൾ അതു വെള്ളമില്ലാത്ത ഇടങ്ങളിൽക്കൂടി വിശ്രമം അന്വേഷിച്ചുകൊണ്ട് അലയുന്നു, കണ്ടെത്തുന്നതുമില്ല.

Matt. 12:44 അപ്പോൾ അത്, ഞാൻ പുറത്തുവന്ന എന്റെ വീട്ടിലേക്കു മടങ്ങിപ്പോകും എന്നു പറയുന്നു. അതു വന്ന് അതിനെ ഒഴിഞ്ഞും അടിച്ചുവാരിയും അലങ്കരിച്ചതുമായി കണ്ടെത്തുന്നു.

Matt. 12:45 അപ്പോൾ അതു പുറപ്പെട്ട് തന്നോടുകൂടെ, തന്നെക്കാൾ ദുഷ്ടതയേറിയ വേറെ ഏഴ് ആത്മാക്കളെ കൊണ്ടുവരുന്നു, അവർ അകത്തു പ്രവേശിച്ച് അവിടെ താമസമുറപ്പിക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിലും വഷളായിത്തീരുന്നു. ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെതന്നെ ഭവിക്കും.

1. ക്രമേണ, അല്പാല്പമായി, ദിവ്യജീവനിലുള്ള നമ്മുടെ വളർച്ചയുടെ തോതിനനുസരിച്ച് ദൈവം നമ്മുടെ സ്വാഭാവിക ജീവനെ ഛേദിച്ചുകളയുന്നു—പുറ. 23:30.

   Exo. 23:30 നീ സന്താനസമ്പന്നമായി ദേശം അടക്കുന്നതുവരെ ഞാൻ അവരെ കുറേശ്ശ, കുറേശ്ശ നിന്റെ മുമ്പിൽനിന്നു ഓടിച്ചുകളയും.

2. ക്രിസ്തു നമ്മിൽ എത്രയധികം വളരുന്നുവോ, അത്രയധികം അവൻ നമ്മുടെ സ്വാഭാവിക ജീവനെ പകരംവയ്ക്കും.

E. ജാതീയ ഗോത്രങ്ങളെ പുറത്താക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തുവെങ്കിലും (വാ. 29-30), അവയെ നശിപ്പിക്കുന്നതിൽ മുൻകൈയെടുത്തുകൊണ്ട് ദൈവത്തിന്റെ ജനം

അവനുമായി സഹകരിക്കേണ്ടതുണ്ട്—വാ. 31-33; പ്ര.നി. റോമ. 8:13; ഗലാ. 5:24; കൊലൊ. 3:5; ഫിലി. 2:12-13.

Exo. 23:29 ദേശം ശൂന്യമാകാതെയും കാട്ടുമൃഗം നിനക്കു ബാധയായി പെരുകാതെയും ഇരിപ്പാൻ ഞാൻ അവരെ ഒരു സംവത്സരത്തിന്നകത്തു നിന്റെ മുമ്പിൽനിന്നു ഓടിച്ചുകളകയില്ല.

Exo. 23:30 നീ സന്താനസമ്പന്നമായി ദേശം അടക്കുന്നതുവരെ ഞാൻ അവരെ കുറേശ്ശ, കുറേശ്ശ നിന്റെ മുമ്പിൽനിന്നു ഓടിച്ചുകളയും.

Exo. 23:31 ഞാൻ നിന്റെ ദേശം ചെങ്കടൽതുടങ്ങി ഫെലിസ്ത്യരുടെ കടൽവരെയും മരുഭൂമിതുടങ്ങി നദിവരെയും ആക്കും; ദേശത്തിലെ നിവാസികളെ നിങ്ങളുടെ കയ്യിൽ ഏല്പിക്കും; നീ അവരെ നിന്റെ മുമ്പിൽനിന്നു ഓടിച്ചുകളയേണം.

Exo. 23:32 അവരോടു എങ്കിലും അവരുടെ ദേവന്മാരോടു എങ്കിലും നീ ഉടമ്പടി ചെയ്യരുതു.

Exo. 23:33 നീ എന്നോടു പാപം ചെയ്‍വാൻ അവർ ഹേതുവായിത്തീരാതിരിക്കേണ്ടതിന്നു അവർ നിന്റെ ദേശത്തു വസിക്കരുതു. നീ അവരുടെ ദേവന്മാരെ സേവിച്ചാൽ അതു നിനക്കു കണിയായി തീരും.

Rom. 8:13 നിങ്ങൾ ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ, നിങ്ങൾ മരിക്കണം, എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും.

Gal. 5:24 എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു.

Col. 3:5 അതുകൊണ്ട് പരസംഗം, അശുദ്ധി, അത്യാസക്തി, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം, എന്നിങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിക്കുവിൻ;

Phil. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

Phil. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

F. ക്രിസ്തു നമ്മിൽ എത്രയധികം വർധിക്കുന്നുവോ, അത്രയധികം നമ്മുടെ സ്വാഭാവിക ജീവനെ പുറത്താക്കുന്നതിൽ ദൈവവുമായി സഹകരിക്കുവാൻ നാം പ്രാപ്തരാകും.

**IV. ദൈവോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടി നാം നല്ലദേശം കൈവശമാക്കണമെങ്കിൽ സാത്താന്യശക്തികളെ പരാജയപ്പെടുത്തുവാൻ നാം ആത്മിക പോരാട്ടത്തിൽ ഏർപ്പെടണം—യോശു. 6:21:**

Josh. 6:21 പുരുഷൻ, സ്ത്രീ, ബാലൻ, വൃദ്ധൻ, ആടു, മാടു, കഴുത എന്നിങ്ങനെ പട്ടണത്തിലുള്ള സകലത്തെയും അവർ വാളിന്റെ വായ്ത്തലയാൽ അശേഷം സംഹരിച്ചു.

A. ആത്മികപോരാട്ടത്തിന്റെ—സാത്താന്റെ രാജ്യവും ദൈത്തിന്റെ രാജ്യവും തമ്മിലുള്ള പോരാട്ടത്തിന്റെ—ആവശ്യകത നാം തിരിച്ചറിയേണ്ടതാവശ്യമാണ്—മത്താ. 6:10; 7:21; 12:26, 28; യെശ. 14:12-14.

Matt. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും

നടപ്പാക്കേണമേ.

Matt. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

Matt. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

Matt. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

Isa. 14:12 അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!

Isa. 14:13 "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും;

Isa. 14:14 ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു.

B. കനാൻദേശം കൈവശമാക്കുവാൻ യിസ്രായേൽ ഒരുക്കമുള്ളവരായിരുന്നപ്പോൾ ദേശം ഭൂതബാധിതരായ ജനത്തെയും, വിഗ്രഹാരാധനക്കാരെയും, അനാക്യമല്ലന്മാരെയും കൊണ്ട് നിറഞ്ഞിരുന്നു—സംഖ്യ 13:33.

Num. 13:33 അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തികളായ അനാക്യമല്ലന്മാരെയും കണ്ടു; ഞങ്ങൾക്കു തന്നേ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചെക്കും ഞങ്ങൾ അങ്ങനെ തന്നേ ആയിരുന്നു.

C. വീണുപോയ ദൂതന്മാരുടെയും വീണുപോയ മനുഷ്യന്റെയും ഒരു സങ്കരമായ അനാക്യമല്ലന്മാർ കനാൻദേശത്തിൽ വസിച്ചിരുന്നതുകൊണ്ട്, ഈ ദേശം കൈവശമാക്കുവാനും മനുഷ്യവർഗം വെടിപ്പാക്കപ്പെടത്തക്കവണ്ണം അവിടെയുള്ള ജീവനുള്ള സകലത്തെയും നശിപ്പിക്കുവാനും ദൈവം യിസ്രായേൽമക്കളോട് കല്പിച്ചു—ആവ. 7:1-2:

Deut. 7:1 നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിന്നെ കടത്തുകയും നിന്നെക്കാൾ പെരുപ്പവും ബലവുമുള്ള ജാതികളായ ഹിത്യർ, ഗിർഗ്ഗശ്യർ, അമോർയ്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നീ ഏഴു മഹാജാതികളെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളകയും

Deut. 7:2 നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കയ്യിൽ ഏല്പിക്കയും നീ അവരെ തോല്പിക്കയും ചെയ്യുമ്പോൾ അവരെ നിർമ്മൂലമാക്കിക്കളയേണം; അവരോടു ഉടമ്പടി ചെയ്കയോ കൃപ കാണിക്കയോ അരുതു.

1. ദിവ്യ ചിന്തയനുസരിച്ച്, കനാൻദേശത്തിലെ ജാതികൾ സാത്താന്യരും ഭൂതങ്ങളുമായി ഇഴുകിച്ചേർന്നവരും ആയതുകൊണ്ട് അവർ നാമാവശേഷമാക്കപ്പെടണമായിരുന്നു— വാ. 2; യോശു. 11:21-22; 14:6-14.

Deut. 7:2 നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കയ്യിൽ ഏല്പിക്കയും നീ അവരെ തോല്പിക്കയും ചെയ്യുമ്പോൾ അവരെ നിർമ്മൂലമാക്കിക്കളയേണം; അവരോടു ഉടമ്പടി ചെയ്കയോ കൃപ കാണിക്കയോ അരുതു.

Josh. 11:21 അക്കാലത്തു യോശുവ ചെന്നു മലനാടായ ഹെബ്രോൻ, ദെബീർ,

അനാബ്, യെഹൂദാമലനാടു, യിസ്രായേല്യമലനാടു എന്നീ ഇടങ്ങളിൽനിന്നൊക്കെയും അനാക്യരെ സംഹരിച്ചു; അവരുടെ പട്ടണങ്ങളോടുകൂടെ യോശുവ അവരെ നിർമ്മൂലമാക്കി.

Josh. 11:22 ഗസ്സയിലും ഗത്തിലും അസ്തോദിലും മാത്രമല്ലാതെ യിസ്രായേൽമക്കളുടെ ദേശത്തെങ്ങും ഒരു അനാക്യനും ശേഷിച്ചിരുന്നില്ല.

Josh. 14:6 അനന്തരം യെഹൂദാമക്കൾ ഗില്ഗാലിൽ യോശുവയുടെ അടുക്കൽ വന്നു; കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബ് അവനോടു പറഞ്ഞതു: യഹോവ എന്നെയും നിന്നെയും കുറിച്ചു ദൈവപുരുഷനായ മോശെയോടു കാദേശ് ബർന്നേയയിൽവെച്ചു പറഞ്ഞ കാര്യം നീ അറിയുന്നുവല്ലോ.

Josh. 14:7 യഹോവയുടെ ദാസനായ മോശെ കാദേശ്ബർന്നേയയിൽനിന്നു ദേശത്തെ ഒറ്റുനോക്കുവാൻ എന്നെ അയച്ചപ്പോൾ എനിക്കു നാല്പതു വയസ്സായിരുന്നു; ഞാൻ വന്നു എന്റെ മനോബോധപ്രകാരം അവനോടു മറുപടി പറഞ്ഞു.

Josh. 14:8 എന്നോടുകൂടെ പോന്നിരുന്ന സഹോദരന്മാർ ജനത്തിന്റെ ഹൃദയം ഉരുകുമാറാക്കി; ഞാനോ എന്റെ ദൈവമായ യഹോവയോടു പൂർണ്ണമായി പറ്റിനിന്നു.

Josh. 14:9 നീ എന്റെ ദൈവമായ യഹോവയോടു പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു നീ കാൽവെച്ച ദേശം നിനക്കും നിന്റെ മക്കൾക്കും എന്നേക്കും അവകാശമായിരിക്കും എന്നു മോശെ അന്നു സത്യംചെയ്തു പറഞ്ഞു.

Josh. 14:10 മരുഭൂമിയിൽ സഞ്ചരിച്ച കാലത്തു യഹോവ മോശെയോടു ഈ വാക്കു കല്പിച്ചതു മുതൽ ഈ നാല്പത്തഞ്ചു സംവത്സരത്തോളവും എന്നെ ഇതാ, താൻ അരുളിച്ചെയ്തിരുന്നതു പോലെ ജീവനോടെ വെച്ചിരിക്കുന്നു; ഇപ്പോൾ എനിക്കു എണ്പത്തഞ്ചു വയസ്സായി.

Josh. 14:11 മോശെ എന്നെ അയച്ച നാളിലെപ്പോലെ ഇന്നും എനിക്കു ആരോഗ്യം ഉണ്ടു; പടവെട്ടുവാനും പോകയും വരികയും ചെയ്‌വാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെതന്നെ ഇന്നും ഇരിക്കുന്നു.

Josh. 14:12 ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക; അനാക്യർ അവിടെ ഉണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും ഉള്ളവ എന്നും നീ അന്നു കേട്ടിട്ടുണ്ടല്ലോ; യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ താൻ അരുളിച്ചെയ്തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും.

Josh. 14:13 അപ്പോൾ യോശുവ അവനെ അനുഗ്രഹിച്ചു; ഹെബ്രോൻമല യെഫുന്നെയുടെ മകനായ കാലേബിന്നു അവകാശമായി കൊടുത്തു.

Josh. 14:14 അങ്ങനെ ഹെബ്രോൻ ഇന്നുവരെ കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബിന്നു അവകാശമായിരിക്കുന്നു; അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയെ പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു തന്നേ.

2. കനാന്യർ വീണുപോയ ദൂതന്മാരെ മാത്രമല്ല, ദുഷ്ടാത്മാക്കളോട്, ആകാശത്തിലെ അന്ധകാരത്തിന്റെ സാത്താന്യ ശക്തിയോട് ചേർന്നിരിക്കുന്ന മനുഷ്യരെയും സൂചിപ്പിക്കുന്നു—സംഖ്യ 14:45.

Num. 14:45 എന്നാറെ മലയിൽ പാർത്തിരുന്ന അമാലേക്യരും കനാന്യരും ഇറങ്ങിവന്നു അവരെ തോല്പിച്ചു ഹോർമ്മാവരെ അവരെ ഛിന്നിച്ചു ഓടിച്ചുകളഞ്ഞു.

D. അരാദിന്റെയും (21:1), അമോര്യരുടെയും (വാ. 21), ബാശാന്റെയും (വാ. 33) രാജാക്കന്മാർ സാത്താനുവേണ്ടി അന്ധകാരത്തിന്റെ രാജ്യമായ കനാൻദേശത്തെ കാവൽചെയ്തുന്ന യോർദാന് കിഴക്കുള്ള "വാതിൽ കാവൽക്കാർ" ആയിരുന്നു:

Num. 21:1 യിസ്രായേൽ അഥാരീംവഴിയായി വരുന്നു എന്നു തെക്കെ ദേശത്തു വസിച്ചിരുന്ന കനാന്യനായ അരാദ്രാജാവു കേട്ടപ്പോൾ അവൻ യിസ്രായേലിനോടു യുദ്ധം തുടങ്ങി ചിലരെ പിടിച്ചു കൊണ്ടുപോയി.

Num. 21:21 അവിടെനിന്നു യിസ്രായേൽ അമോർയ്യരുടെ രാജാവായ സീഹോന്റെ അടുക്കൽ ദൂതന്മാരെ അയച്ചു:

Num. 21:33 പിന്നെ അവർ തിരിഞ്ഞു ബാശാൻവഴിയായി പോയി; ബാശാൻരാജാവായ ഓഗ് തന്റെ സകലജനവുമായി അവരുടെനേരെ പുറപ്പെട്ടു എദ്രെയിൽവെച്ചു പടയേറ്റു.

1. ദൈവത്തിന്റെ സൈന്യത്താൽ പരാജിതരായ രാജാക്കന്മാർ നാം പോരാടേണ്ടവരായ വാഴ്ച്ചകളും, അധികാരങ്ങളും, അന്ധകാരത്തിന്റെ ലോകാധിപതികളും ആണ്—എഫെ. 6:12.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

2. യിസ്രായേൽമക്കൾ നല്ലദേശത്തിലേക്ക് പ്രവേശിക്കുന്നതിന്, ഈ രാജാക്കന്മാരാൽ നിയന്ത്രിക്കപ്പെട്ടിരുന്ന പ്രദേശത്തിലൂടെ അവർ കടന്നുപോകുകയും, അവർക്കെതിരായി യുദ്ധംചെയ്യുകയും, അവരെ നശിപ്പിക്കുകയും, അവരുടെ പ്രദേശം കൈക്കലാക്കുകയും ചെയ്യണമായിരുന്നു.

3. ക്രിസ്തുവിന്റെ അപ്രമേയധനം നേടുന്നതിന് നാം അരാദ് രാജാവിനാലും, അമോര്യരുടെ രാജാവായ സീഹോനാലും, ബാശാൻ രാജാവായ ഓഗിനാലും സൂചിപ്പിക്കപ്പെടുന്ന ആത്മിക ശത്രുക്കളെ ചതച്ചുകളയണം—3:8; 6:10-12.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

Eph. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

Eph. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

E. ദേശത്തിലെ നിവാസികൾക്കെതിരെയുള്ള യിസ്രായേലിന്റെ പോരാട്ടം ഭൂമിയിലെ ദൃശ്യമായ അരങ്ങിനു പിന്നിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അദൃശ്യമായ ആത്മികപോരാട്ടത്തെ ചിത്രീകരിക്കുന്നു—ദാനീ. 10:10-21; എഫെ. 6:10-20:

Dan. 10:10 എന്നാറെ ഒരു കൈ എന്നെ തൊട്ടു, എന്നെ മുഴങ്കാലും ഉള്ളങ്കയ്യും ഊന്നി വിറയലോടെ നില്ക്കുമാറാക്കി.

Dan. 10:11 അവൻ എന്നോടു: ഏറ്റവും പ്രിയപുരുഷനായ ദാനീയേലേ, ഞാൻ നിന്നോടു പറയുന്ന വചനങ്ങളെ ശ്രദ്ധിച്ചു നിവിർന്നുനിൽക്ക; ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ അയക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു; അവൻ ഈ വാക്കു എന്നോടു സംസാരിച്ചപ്പോൾ ഞാൻ വിറെച്ചുകൊണ്ടു നിവിർന്നുനിന്നു.

Dan. 10:12 അവൻ എന്നോടു പറഞ്ഞതു: ദാനീയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിന്നും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യദിവസംമുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു.

Dan. 10:13 പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തുനിന്നു; എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു: അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു,

Dan. 10:14 നിന്റെ ജനത്തിന്നു ഭാവികാലത്തു സംഭവിപ്പാനുള്ളതു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു ഇപ്പോൾ വന്നിരിക്കുന്നു; ദർശനം ഇനിയും ബഹുകാലത്തേക്കുള്ളതാകുന്നു.

Dan. 10:15 അവൻ ഈ വാക്കുകളെ എന്നോടു സംസാരിക്കുമ്പോൾ ഞാൻ മുഖം കുനിച്ചു ഊമനായ്തീർന്നു.

Dan. 10:16 അപ്പോൾ മനുഷ്യരോടു സദൃശനായ ഒരുത്തൻ എന്റെ അധരങ്ങളെ തൊട്ടു; ഉടനെ ഞാൻ വായ്തുറന്നു സംസാരിച്ചു; എന്റെ മുമ്പിൽ നിന്നവനോടു: യജമാനനേ, ഈ ദർശനംനിമിത്തം എനിക്കു അതിവേദന പിടിപെട്ടു ശക്തിയില്ലാതായിരിക്കുന്നു.

Dan. 10:17 അടിയന്നു യജമാനനോടു സംസാരിപ്പാൻ എങ്ങനെ കഴിയും? എനിക്കു പെട്ടെന്നു ശക്തിയില്ലാതായി ശ്വാസം ശേഷിച്ചിരിപ്പില്ല എന്നു പറഞ്ഞു.

Dan. 10:18 അപ്പോൾ മനുഷ്യസാദൃശ്യത്തിലുള്ളവൻ പിന്നെയും വന്നു എന്നെ തൊട്ടു ബലപ്പെടുത്തി:

Dan. 10:19 ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു; അവൻ എന്നോടു സംസാരിച്ചപ്പോൾ ഞാൻ ബലപ്പെട്ടു: യജമാനനേ, സംസാരിക്കേണമേ; നീ എന്നെ ബലപ്പെടുത്തിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.

Dan. 10:20 അതിന്നു അവൻ എന്നോടു പറഞ്ഞതു: ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നതു എന്തിനെന്നു നീ അറിയുന്നുവോ? ഞാൻ ഇപ്പോൾ പാർസിപ്രഭുവിനോടു യുദ്ധംചെയ്വാൻ മടങ്ങിപ്പോകും; ഞാൻ പുറപ്പെട്ട ശേഷമോ, യവനപ്രഭു വരും.

Dan. 10:21 എന്നാൽ സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഞാൻ നിന്നെ അറിയിക്കാം: നിങ്ങളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യങ്ങളിൽ എന്നോടുകൂടെ ഉറെച്ചുനില്ക്കുന്നവൻ ആരും ഇല്ല.

Eph. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

Eph. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

Eph. 6:13 അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

Eph. 6:14 അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും,

Eph. 6:15 സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും,

Eph. 6:16 ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ,

Eph. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

Eph. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

Eph. 6:19 എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ,

Eph. 6:20 അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ.

1. അരങ്ങിനു പിന്നിൽ ഒരു ആത്മികപോരാട്ടം, മാനുഷിക കണ്ണുകൾക്ക് കാണാൻ കഴിയാത്ത ഒരു പോരാട്ടം, നടന്നുകൊണ്ടിരിക്കുന്നു എന്നു നാം കാണുന്നത് നിർണ്ണായകമാണ്.
2. ഭൂമിയിലെ യുദ്ധത്തിനു പുറമെ, ദൈവവും ആകാശത്തിലെ സാത്താന്യശക്തികളും നമ്മിൽ ഒരു യുദ്ധമുണ്ട്—2:2; 6:12.

Eph 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു;

Eph 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

F. നല്ലദേശം കൈവശമാക്കുവാനും ആസ്വദിക്കുവാനും വേണ്ടി കനാന്യർക്കെതിരെയുള്ള യിസ്രായേൽമക്കളുടെ യുദ്ധം, വിശുദ്ധന്മാർ സർവവും-ഉൾക്കൊള്ളുന്ന ദേശമായ ക്രിസ്തുവിനെ ആസ്വദിക്കേണ്ടതിന് "സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾ"ക്കെതിരായി എല്ലാ അവയവങ്ങളും ഉൾപ്പെടെ സഭ മൊത്തമായി നടത്തുന്ന ആത്മിക പോരാട്ടത്തെ മുൻകുറിക്കുന്നു (വാ. 12).

G. ക്രിസ്തു ആണ് നമ്മുടെ നല്ലദേശം; നാം ക്രിസ്തുവിനെ നേടുവാൻ ദൈവം ആഗ്രഹിക്കുന്നു, എന്നാൽ നമുക്കും നല്ലദേശത്തിനും ഇടയിൽ പൈശാചികവും സാത്താന്യവുമായ ശക്തികളുടെ ഒരു പാളി ഉണ്ട്; നമ്മുടെ ആസ്വാദനത്തിനുവേണ്ടി നാം നല്ലദേശം കൈവശമാക്കണമെങ്കിൽ, നാം ഈ സാത്താന്യ ശക്തികളെ പരാജയപ്പെടുത്തണം —കൊലൊ. 1:12-13; 2:15; എഫെ. 3:18; 6:11-12:

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

Col. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

Eph. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

Eph. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

1. നാം മുഴുകേണ്ടതായ അത്യന്തം യഥാർഥ്യമായ ഒരു ആത്മികപോരാട്ടമുണ്ട്; ക്രിസ്തുവിന്റെ ശരീരവും, പുതുമനുഷ്യനും, ദൈവരാജ്യവുമെന്ന നിലയിൽ സഭയുടെ കെട്ടുപണിക്കുവേണ്ടി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നേടുവാൻ നാം യുദ്ധം ചെയ്യണം—വാ. 10-12; 1 തിമൊ. 6:12; 2 തിമൊ. 2:3-4; കൊലൊ. 1:13, 18; 2:19; 3:10-11.

Eph. 6:10 ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ.

Eph. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

Eph. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

2 Tim. 2:3 ക്രിസ്തു യേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക.

2 Tim. 2:4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

Col. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2. നമ്മുടെ ആസ്വാദനത്തിനുവേണ്ടി നാം ക്രിസ്തുവിനെ കൈവശമാക്കണമെങ്കിൽ, നാം പൈശാചിക ശക്തികൾക്കെതിരെ പോരാടുകയും പരാജയപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ശരീരമായ സഭ, ഒരു സംഘാത യോദ്ധാവ് ആയിരിക്കണം; അങ്ങനെ ഭൂമിയെ അവകാശമാക്കുന്നതിന് ക്രിസ്തുവിന് മടങ്ങിവരുവാൻ കഴിയത്തക്കവണ്ണം ദൈവരാജ്യം സ്ഥാപിക്കുകയും വ്യാപിപ്പിക്കുകയും ചെയ്തുകൊണ്ട്, ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി നമുക്ക് ക്രിസ്തുവിനെ അധികമായി നേടുവാൻ കഴിയും—എഫെ. 3:8; 4:16; മത്താ. 24:14; വെളി. 11:15.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

Matt. 24:14 രാജ്യത്തിന്റെ ഈ സുവിശേഷം, സകല ജാതികൾക്കും ഒരു സാക്ഷ്യത്തിനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിലും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.

Rev. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.